പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1274 — 06.03.2018 ൽ മറുപടിയ്ക്ക്

## കർഷകത്തൊഴിലാളി പെൻഷൻ വിതരണത്തിന് അനുവദിച്ച തുക

ചോദ്യം

ശ്രീ.കെ.എൻ.എ ഖാദർ

മറുപടി

ശ്രീ. വി.എസ്. സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) കർഷകത്തൊഴിലാളികൾക്ക് പെൻഷൻ വിതരണം നടത്താനായി അനുവദിച്ച തുക അസിസ്റ്റന്റ് കൃഷി ഡയറക്ടർമാരുടെ അക്കൗണ്ടുകളിൽ നിലനിൽക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; | എ) & ബി) കർഷക തൊഴിലാളി പെൻഷൻ കൃഷി വകുപ്പ് മുഖേന വിതരണം ചെയ്യുന്നില്ല. കർഷക പെൻഷനാണ് കൃഷി വകുപ്പ് വഴി വിതരണം ചെയ്യുന്നത്. കർഷക പെൻഷൻ അനുവദിക്കുന്ന മാനദണ്ഡങ്ങളിൽ ചില മാറ്റങ്ങൾ വരുത്തിയതിനാൽ കർഷകർ രേഖകൾ ഹാജരാക്കുന്നതിൽ വന്ന കാലതാമസം കൊണ്ടു മാത്രമേ കർഷക പെൻഷൻ വിതരണം ചെയ്യുന്നതിൽ ചില കൃഷിഭവനുകളിൽ കാലതാമസം ഉണ്ടായിട്ടുള്ളു. നിലവിൽ കർഷക പെൻഷൻ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ബിൽ ഹാജരാക്കുന്ന മുറയ്ക്ക് ട്രഷറിയിൽ നിന്നും നേരിട്ട് കർഷകരുടെ അക്കൗണ്ടിലേക്ക് നൽകുന്നതിനാൽ അസിസ്റ്റന്റ് ഡയറക്ടർമാരുടെ അക്കൗണ്ടുകളിൽ ഈ തുക ഇപ്പോൾ നിക്ഷേപിക്കപ്പെടുന്നില്ല. |
| ബി) ഇപ്രകാരം കർഷകത്തൊഴിലാളി പെൻഷൻ വിതരണം നടത്താനാകാതെ കെട്ടിക്കിടന്ന തുക എത്രയാണ്; എത്ര കാലമാണ് ഈ തുക കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ അക്കൗണ്ടുകളിൽ നിക്ഷേപിച്ചിരുന്നത്; ഇത് സംഭവിക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ